പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2648** 18.08.2017- ൽ മറുപടിക്ക്

## പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ബഷീർ | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് റോഡുകളിൽ വ്യാപകമായ കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം കയ്യേറ്റങ്ങൾ എവിടെയെല്ലാമാണ് കണ്ടെത്തിയിട്ടുള്ളതെന്നും ആയത് ഒഴിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;<br>(സി) കോടതി വ്യവഹാരങ്ങളിൽ കുരുങ്ങി ഒഴിപ്പിക്കാൻ കഴിയാതെ വന്നിട്ടുള്ള കയ്യേറ്റങ്ങൾ എവിടെയെല്ലാമാണുള്ളത്; ആയത് നിയമപരമായി ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും | റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുകളുടെ ഹൈവേ അതോറിറ്റിയായി അതത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുകയും ചെയ്യുന്നതാണ്. വീഴ്ച പറ്റിയാൽ ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ പേരിൽ നടപടി എടുക്കാൻ നിയമത്തിൽ അനുശാസിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ